# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2421**

## കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം താലൂക്കിൽ വെയ്ലൂർ വില്ലേജിൽ തോന്നയ്ക്കലിൽ ആണ് പ്രസ്തുത ലൈഫ് സയൻസ് പാർക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br><br>(സി) വൈദ്യ ഗവേഷണ രംഗത്തും മറ്റ് ജീവ ശാസ്ത്രമേഖലയിലും അവസരങ്ങൾ ഒരുക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (ബി) & (സി) | കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് പര്യാപ്തമായ പദ്ധതിയാണ് ലൈഫ് സയൻസ് പാർക്ക്. ജൈവ ശാസ്ത്ര രംഗത്തെ വിവിധ തുറകളിൽ പരീക്ഷണ നിരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തി നൂതനമായ ഉൽപ്പന്നങ്ങളും, നിർമ്മാണ പ്രക്രിയകളും അടിസ്ഥാനമായിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പാർക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>ജീവശാസ്ത്ര വ്യവസായങ്ങൾക്കും, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു വിജ്ഞാന കേന്ദ്രമായി ലൈഫ് സയൻസ് പാർക്ക് പ്രവർത്തിക്കുന്നതാണ്. കാർഷിക ജൈവ സാങ്കേതിക, സമുദ്ര വിഭവ, ജൈവ സാങ്കേതിക, ബയോ ഇൻഫർമാറ്റിക്സ്, ബയോ മെഡിക്കൽസ്, ബയോ ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വ്യത്യസ്ത ജൈവ ശാസ്ത്ര മേഖലകളുടെ ഗവേഷണ പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും, ഉൽപ്പാദന പ്രക്രിയകൾക്കും |

ലൈഫ് സയൻസ് പാർക്ക് അവസരമൊരുക്കും. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഇൻക്യുബേഷൻ സെന്റർ, എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ലബോറട്ടറി തുടങ്ങിയ സംവിധാനങ്ങൾ ഈ പാർക്കിന്റെ സവിശേഷതകളാണ്.

| | |
|---|---|
| (ഡി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഈ പാർക്കിന്റെ ശിലാസ്ഥാപനം 29/08/2013 ൽ നടത്തുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ ബയോടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ ഏകദേശം 30 കോടി രൂപ മുതൽമുടക്കുള്ള ഒരു ആധുനിക ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഈ ഇൻക്യുബേഷൻ സെന്ററിന്റെ സിവിൽ വർക്ക്സ് തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതി അതിവേഗം സമയബന്ധിതമായി നടപ്പിലാക്കാൻ ഒരു സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ലൈഫ് സയൻസ് സെക്ടറിൽ കാർഷിക ജൈവ സാങ്കേതിക, സമുദ്ര വിഭവ ജൈവ സാങ്കേതിക, ബയോ ഇൻഫർമാറ്റിക്സ്, ബയോ മെഡിക്കൽസ്, ബയോഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളിലുള്ള വവിധ സംരംഭകരെ ആകർഷിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ